പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1295

30.09.2011-ൽ മറുപടിയ്ക്ക്

## കയർ മേഖലയുടെ പുരോഗതിക്കായി എം. എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളെ ഉപയോഗപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. എം.എൻ.ആർ.ഇ.ജി.എസ്. പ്രകാരം തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ ഇപ്പോൾ ഏതെല്ലാം തൊഴിൽ മേഖലകളിൽ ഉപയോഗപ്പെടുത്തുന്നു; ഇതുവഴി എത്ര തൊഴിൽ ദിനങ്ങൾ കഴിഞ്ഞ 3 വർഷങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട് ;

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.എൻ.ആർ.ഇ.ജി.എസ്.) പ്രകാരം കുടുംബങ്ങളിലെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാവശ്യപ്പെടുന്ന തൊഴിലാളികളെ ചുവടെ പറയുന്ന പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

1. ജലസംരക്ഷണവും ജലകൊയ്ത്തും.
2. വരൾച്ച തടയൽ(വനവത്കരണം, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉൾപ്പെടെ);
3. സൂക്ഷ്മ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ജലസേചന കനാലുകൾ;
4. പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാ ആവാസ് യോജന പദ്ധതിയിൻ കീഴിലെ ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിലെ നിർവ്വചന പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പച്ചക്കറി-ഫല വൃക്ഷ കൃഷി, ഭൂവികസന സൗകര്യങ്ങൾ.
5. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കുളങ്ങളുടെ ചെളി നീക്കം ചെയ്യൽ അടക്കം;
6. ഭൂവികസനം;
7. വെള്ളപ്പൊക്ക നിയന്ത്രണം, വെള്ളക്കെട്ടു പ്രദേശങ്ങളിൽ വെള്ളം ഒഴുക്കി കളയുന്നതിന് അഴുക്ക് ചാൽ അടക്കമുള്ള സംരക്ഷണ പ്രവൃത്തികൾ;
8. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കാവുന്ന എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡുകൾ;

9. ബ്ളോക്ക്/ഗ്രാമപഞ്ചായത്ത് ഓഫീസ് ആസ്ഥാനത്ത് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം.

കഴിഞ്ഞ 3 വർഷങ്ങളിലായി സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സൃഷ്ടിച്ച ആകെ തൊഴിൽ ദിനങ്ങൾ |
|---|---|
| 2008-09 | 15623723 |
| 2009-10 | 34035275 |
| 2010-11 | 48034479 |

ബി. ഇതര തൊഴിൽ മേഖലകളിൽ കൂടി പ്രസ്തുത തൊഴിലാളികളെ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏത് മേഖലകളിൽ ആണ് എന്ന് വ്യക്തമാക്കാമോ;

ബി. ഇതര തൊഴിൽ മേഖലകളിൽ കൂടി പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 28-10-2009, 27-08-2010 തിയതികളിൽ നടന്ന സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗ്യാരന്റി കൗൺസിൽ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനപ്രകാരം 49 ഇനം പുതിയപ്രവൃത്തികൾ കൂടി ആക്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് തീരുമാനമെടുക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു)

സി. പരമ്പരാഗത മേഖലയായ കയർ മേഖലയുടെ പുരോഗതിക്കായി പ്രസ്തുത വിഭാഗം തൊഴിലാളികളെ ഉപയോഗപ്പെടുത്താൻ എന്തെങ്കിലും പരിപാടികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

സി. പരമ്പരാഗത കയർ മേഖലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി കയർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ- I ഖണ്ഡിക 1 പ്രകാരമുള്ള അംഗീകൃത പ്രവൃത്തികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 27-08-2010-ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ തീരുമാനമെടുക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.